മുനിസിപ്പാലിറ്റി ജീവനക്കാർക്ക് ടൈംസ്കെയിൽ.

* 1022. [55] ശ്രീ. പി. കെ. ചാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റി ജീവനക്കാർക്ക് ടൈംസ്കെയിൽ അനുവദിച്ചുകൊണ്ട് ഉത്തരവ് എന്നു് പാസ്സാക്കിയെന്നു് പറയുമോ;

(ബി) സ്കാവഞ്ചേഴ്സ്, സ്വീപ്പേഴ്സ് തുടങ്ങിയ ജീവനക്കാർക്ക് ഈ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടില്ലേ, ഇല്ലെങ്കിൽ കാരണമെന്തു്;

(സി) പഞ്ചായത്തുകൾക്കും ഈ ആനുകൂല്യം നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) 21-10-1955-ൽ.

(ബി) ഇല്ല. സ്വീപ്പേഴ്സ്, സ്കാവഞ്ചേഴ്സ് തുടങ്ങിയവർ കണ്ടിജൻസി ജീവനക്കാരായതിനാൽ.

(സി) പഞ്ചായത്തു ജീവനക്കാർക്ക് ടൈംസ്കെയിൽ അനുവദിക്കുന്ന കാര്യം പഞ്ചായത്തുകളുടെ പൊതുവേയുള്ള ധനസ്ഥിതി അഭിവൃദ്ധിപ്പെടുമ്പോൾ മാത്രമേ പരിഗണിക്കുവാൻ കഴിയൂ.

Municipalities

* 1023. [56] SHRI M. WILLIAM: Will the Minister for Local Self Government be pleased to state:

(*a*) are there three grades of Municipalities; and

(*b*) is it a fact that the report of the Pay Commission if implemented with regard to the Municipalities irrespective of the grades, will seriously affect the financial condition of the II and III grade Municipalities?

Minister for Local Self Government (SHRI K. KOCHUKUTTAN):

(*a*) Yes.

(*b*) The report of Pay Commission does not apply to employment in Municipalities.

ആറ്റിങ്ങൽ ഡാക്ടറന്മാർ.

* 1024. [59] ശ്രീ. കെ. എം. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തെ ഗവണ്മെൻറ് ആശുപത്രികളിൽ എത്ര ആണ്ടറി ഡാക്ടറന്മാർ ജോലി ചെയ്തുവരുന്നുണ്ട്;

(ബി) അവർക്ക് എന്തെങ്കിലും അലവൻസ് കൊടുക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്ത്?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) 26.
(ബി) ഇല്ല.
(സി) ചോദ്യം ഉദിക്കുന്നില്ല.

നേഴ്സുകൾ.

* 1025. [61] ശ്രീ. കെ. എ. ബാലൻ: തഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മെഡിക്കൽവകുപ്പിൽനിന്നും എത്ര നേഴ്സുകളെ ഉപരിപഠനത്തിനായി തിരഞ്ഞെടുക്കുകയുണ്ടായി; എന്തു മാനദണ്ഡമാണ് തിരഞ്ഞെടുപ്പിനു സ്വീകരിച്ചതു; സീനിയോറിറ്റി അവഗണിച്ചു് തിരഞ്ഞെടുപ്പു നടക്കുകയുണ്ടായോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

കഴിഞ്ഞ ജൂലായിൽ 5 നേഴ്സുകളെ New Delhi-യിലെ Nursing College-ൽ ഉപരിപഠനത്തിനായി തിരഞ്ഞെടുത്തയച്ചു. സാമാന്യവും, സാങ്കേതികവുമായ വിദ്യാഭ്യാസയോഗ്യതകൾ, പ്രായം, നേഴ്സിംഗിനുള്ള പരിചയം, ആരോഗ്യസമിതി, സീനിയോറിട്ടി ഇവയാണ് തിരഞ്ഞെടുപ്പിനു് മാനദണ്ഡമായി സ്വീകരിച്ചതു്. ഈ യോഗ്യതകളില്ലാത്തവരും, ക്ലിപ്തസമയത്തിനു് അപേക്ഷ അയയ്ക്കാത്തവരുമായ സീനിയറായിട്ടുള്ള നേഴ്സുകളെ തിരഞ്ഞെടുത്തിട്ടില്ല.

STARRED QUESTIONS POSTED FOR ANSWER ON 24-11-1955.

സെൻട്രൽ സപ്ലീസിലേയ്ക്കെടുത്തിട്ടുള്ള ഡിപ്പാർട്ടുമെൻറുകൾ.

* 1026. [4] ശ്രീ. പി. ഗോപാലൻ: തഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റോറ് സപ്ലീസിൽ നിന്നും ഏതെല്ലാം ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥന്മാരെ സെൻട്രൽ ഗവണ്മെൻറിലേക്കു് എടുത്തിട്ടുണ്ടു്;

(ബി) ഏതു വ്യവസ്ഥയിലാണു് അവരുടെ സേവനം വിട്ടുകൊടുത്തിട്ടുള്ളതു്;

(സി) ഈ വ്യവസ്ഥകൾ സെൻട്രൽഗവണ്മെൻറ് പാലിച്ചിട്ടുണ്ടോ;

(ഡി) ഈ വിധത്തിൽ ഉദ്യോഗം ലഭിച്ച വല്ല ഉദ്യോഗസ്ഥന്മാരിൽനിന്നും വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ടെലഫോൺ
അഞ്ചൽ
കസ്റ്റംസ്
സെൻട്രൽ എക്സൈസ്

} അക്കൗണ്ട്സ് ആൻഡ് ഓഡിറ്റ്

LIBRARY ARCHIVES Kerala Legislative Assembly